പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 258 18.03.2013-ൽ മറുപടിയ്ക്ക്

## ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടവരുടെ വിവരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച എത്ര പേരെ പിന്നീട് ആത്മഹത്യ ചെയ്ത നിലയിലോ കൊലപ്പെടുത്തിയ നിലയിലോ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട നിലയിലോ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br>(ബി) ഇവരുടെ പേരുവിവരവും ഇവരെ ചോദ്യം ചെയ്ത കേസ് സംബന്ധിച്ച വിവരവും വ്യക്തമാക്കാമോ? | (എ) & (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ വിവിധ കേസുകളുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച രണ്ടുപേരെ മരണപ്പെട്ട നിലയിൽ കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**1) കോഴിക്കോട് സിറ്റി-ജയനന്ദൻ**

1.3.13-ാം തീയതി മുഹമ്മദ് സിയാൽ എന്നയാൾക്ക് KL-11B-2345 നമ്പർ ബസിലെ കണ്ടക്ടർ 5 രൂപയ്ക്ക് പകരം 2 അമ്പത് പൈസ നാണയം ഒട്ടിച്ച് നൽകിയിട്ടുണ്ട് എന്നു പരാതിപ്പെട്ടപ്രകാരം, ടി ബസിനെ കണ്ടെത്തി ടി ബസിലെ കണ്ടക്ടറായ മരണപ്പെട്ട ജയനന്ദനോട് ഇക്കാര്യത്തെപ്പറ്റി പറയുകയും ടിയാളിൻെറ ബാഗ് പരിശോധിച്ചപ്പോൾ മേൽപ്പറയുന്നതരത്തിലുള്ള അഞ്ച് നാണയങ്ങൾ കൂടി കണ്ടെടുക്കുകയും ചെയ്തു. കൂടുതൽ അന്വേഷണത്തിൻെറ ഭാഗമായും, തെളിവ് നഷ്ടപ്പെടാതിരിക്കുന്നതിനുമായി Advance search Memorandum തയ്യാറാക്കി ടി ജയനന്ദൻെറ വീട് ടിയാനേയും കൂട്ടി പരിശോധന നടത്തുകയും പരിശോധനയിൽ മറ്റു നാണയങ്ങളോ ഇതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളോ കണ്ടെടുക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ജയനന്ദനോട് ചോദിച്ചതിൽ അന്നുകാലത്ത് പാലാഴി സ്റ്റോപ്പിൽ നിന്നും ഒരാൾ 300 രൂപയുടെ ചില്ലറ നൽകിയതാണെന്നും അയാൾക്ക് പ്രതിഫലവുംകൂട്ടി 320 രൂപ നൽകിയെന്നും ചില്ലറ തന്നയാളെ നേരത്തേ പരിചയമില്ലന്നും മൊഴി നൽകിയിട്ടുള്ളതാണ്. ടി സംഭവത്തിൽ കൂടുതൽ അന്വേഷണം നടത്തുകയും ടി ജയനന്ദനെപ്പറ്റി അന്വേഷിച്ചതിൽ ടിയാൻ കുറ്റക്കാരനല്ല എന്ന ഉത്തമ വിശ്വാസത്തിൽ കേസ് രജിസ്റ്റർചെയ്യാതെ അന്നു വൈകുന്നേരം ബന്ധുവിൻെറ കൂടെ വിട്ടയച്ചിട്ടുള്ളതാണ്.

5.3.13 ന് രാത്രി 10.00 മണിക്കും 6.3.13 4.00 മണിയ്ക്കുമിടയിലുള്ള സമയം ടി ജയനന്ദൻ കിണറിൻെറ ബാറിൽതൂങ്ങി മരണപ്പെടുകയാണ് ഉണ്ടായത് ഇത് സംബന്ധിച്ച് ചേവായൂർ PS Crime 167/13 U/S 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**2) സനൽകുമാർ, കോഴിക്കോട് റൂറൽ**

പയ്യോളി പോലീസ് സ്റ്റേഷൻ പരിധിയിലെ BJP പ്രവർത്തകനായ മനോജ് വധിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് ടി കേസ് അന്വേഷിച്ച്വരുന്ന ക്രൈം ബ്രാഞ്ച് ടി കേസുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്ത് വിട്ടയച്ച സനൽകുമാർ എന്നയാൾ 25.02.13 തീയതി റെയിൽവെ ട്രാക്കിൽ മരണപ്പെട്ട് കിടക്കുന്നതായി കാണപ്പെട്ടിട്ടുള്ളതും ആയതിന് പയ്യോളി പോലീസ് സ്റ്റേഷൻ ക്രൈം നം.160/13 U/S 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുകയാണ്.

സെക്ഷൻ ഓഫീസർ